**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹൈടെക് സ്കൂൾ പ്രോജക്ട് - സംസ്ഥാനത്തെ എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ കൈറ്റ് മുഖാന്തിരം കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി രേഖയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.4743/2018/പൊ.വി.വ.** തിരുവനന്തപുരം,തീയതി, 13.11.2018

---

പരാമർശം:- 1. 14.08.17 ലെ സ.ഉ(സാധാ)നം.2777/17/പൊ.വി.വ.

2. കൈറ്റ് വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15.10.2018 ലെ കൈറ്റ്/2018/1515-05(14) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 188 സർക്കാർ/എയ്ഡഡ് എൽ.പി, യു.പി സ്കൂളുകളിലും 14 ഡയറ്റുകളിലും ഐ ടി ലാബുകൾ സ്ഥാപിക്കുന്നതിന്റെ പൈലറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ - കൈറ്റ് നെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

സംസ്ഥാനത്തെ എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുന്നതിനായി കിഫ്ബി ഫണ്ടിൽനിന്നും 300 കോടി രൂപ (മുന്നൂറ് കോടി രൂപ മാത്രം) ചെലവഴിക്കുമെന്ന് 2018-19 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു.

പരാമർശം (2) ലെ കത്ത് മുഖാന്തിരം സംസ്ഥാനത്തെ എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ (Detailed Project Report) സർക്കാർ അനുമതിക്കായി കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാനത്തെ എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ കൈറ്റ് മുഖാന്തിരം കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുന്നതിനായി കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച വിശദമായ പദ്ധതി രേഖ (Detailed Project Report) യ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എസ്.കൃഷ്ണകുമാർ**

**അഡീഷണൽ സെക്രട്ടറി**

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
സി.ഇ.ഒ., പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി,തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:- പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.